പത്രക്കുറിപ്പ്
21-11-2018

**തെരുവോര കച്ചവടക്കാർക്ക് അടിസ്ഥാന സൗകര്യം നൽകി പുനരധിവാസം:**
## കാസർകോട് നഗരസഭയ്ക്കും
## എറണാകുളം ജില്ലയിലെ വടക്കൻ പരവൂർ നഗരസഭയ്ക്കും
## പദ്ധതി അനുമതി ലഭിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് തെരുവുകച്ചവടക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകി പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി നഗരസഭാപ്രദേശങ്ങളിൽ ഇവർക്കായി പ്രത്യേക തെരുവു ചന്തകൾ നിർമിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും കുടുംബശ്രീയുടെ പദ്ധതി. ഇതു പ്രകാരം കാസർകോട് പുതിയ ബസ് സ്റ്റാൻഡിനു സമീപവും എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിലും തെരുവോര ചന്തകൾ നിർമിക്കുന്നതിനായി നഗരസഭകൾ സമർപ്പിച്ച വിശദമായ പദ്ധതി നിർവഹണ രേഖയ്ക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അധ്യക്ഷനായ സംസ്ഥാനതല പ്രോജക്ട് സാങ്ഷനിങ്ങ് കമ്മിറ്റിയുടെ അനുമതി ലഭിച്ചു. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന നഗര ദാരിദ്ര്യ നിർമാർജന പദ്ധതിയായ ദേശീയ നഗര ഉപജീവന ദൗത്യ(എൻ.യു.എൽ.എം)ത്തിന്റെ ഭാഗമായാണിത്.

സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും തെരുവോര കച്ചവട സംരക്ഷണ നിയമം നടപ്പാക്കി വരികയാണ്. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന എൻ.യു.എൽ.എം പദ്ധതി ഘടകമായ തെരുവോര കച്ചവടക്കാർക്കുള്ള സഹായ പദ്ധതിയിൽ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ മാർഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തെരുവു കച്ചവടക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനായി നഗരസഭകൾ പദ്ധതി സമർപ്പിച്ചാൽ അനുമതി നൽകാൻ വ്യവസ്ഥയുണ്ട്. പദ്ധതി പ്രകാരം പ്രത്യേകമായി നിർമിക്കുന്ന തെരുവോര ചന്തയിൽ കച്ചവടം നടത്തുന്നവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അടിസ്ഥാന സേവനങ്ങളും അതത് നഗരസഭകൾ മുഖേന ലഭ്യമാക്കും. ജലം, വൈദ്യുതി, പൊതുവായ സംഭരണ കേന്ദ്രങ്ങൾ, സാധനങ്ങൾ സൂക്ഷിക്കാനുള്ള താൽക്കാലിക ഷെഡ്ഡുകൾ, പ്രത്യേക തരം ഉന്തുവണ്ടികൾ, ഖര ദ്രവ മാലിന്യങ്ങൾ സംസ്ക്കരിക്കാനും മലിനജലം ഒഴുക്കി വിടാനുമുള്ള ഫലപ്രദമായ സജ്ജീകരണങ്ങൾ, വൈദ്യുത-സൗരോർജ വിളക്കുകൾ, ശുചിമുറികൾ, ടൈലുകൾ പാകിയ നടപ്പാതകൾ എന്നിവയും ഇതോടൊപ്പം ഉണ്ടാകും. നഗരത്തിലെ തെരുവോര കച്ചവട മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഇതുപ്രകാരം പദ്ധതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് കാസർകോട് ജില്ലയിലെ പുതിയ ബസ് സ്റ്റാൻഡിനു സമീപവും എറണാകുളം ജില്ലയിലെ വടക്കൻ പരവൂരിലും തെരുവോര ചന്തകൾ നിർമിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുള്ളത്. ഇവിടെ പ്രത്യേക തെരുവോര ചന്തകൾ നിർമിച്ച് തെരുവു കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതു വഴി ഇരുനൂറോളം പേർക്ക് തങ്ങളുടെ തൊഴിൽ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള അവസരമൊരുങ്ങും.

തെരുവോര കച്ചവടം നടത്തുന്നതു വഴി നഗരത്തിലുണ്ടാകുന്ന ഗതാഗത കുരുക്കിനു പരിഹാരം കാണുകയെന്നതും പ്രത്യേക തെരുവോര ചന്തകൾ നിർമിക്കുന്നതിന്റെ ലക്ഷ്യമാണ്. വ്യത്യസ്തങ്ങളായ ഉൽപന്നങ്ങൾ വിൽക്കുന്ന എല്ലാ തെരുവു കച്ചവടക്കാരെയും അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിലൂടെ ആളുകൾക്ക് തങ്ങൾക്കാവശ്യമായ സാധനങ്ങൾ ഒരു സ്ഥലത്തു നിന്നു തന്നെ വാങ്ങുന്നതിനും അതോടൊപ്പം ഫുട്പാത്തുകൾ പൂർണമായും കാൽനടക്കാർക്ക് വേണ്ടി മാത്രം ലഭ്യമാവുകയും ചെയ്യും. പ്രത്യേക തെരുവോര ചന്തകൾ രൂപീകരിക്കുന്നതിനായി എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മറ്റ് നഗരസഭകൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷം അംഗീകാരം നൽകുന്നതിനും ഉദ്ദേശിക്കുന്നു.
നഗരസഭകൾ പ്രോജക്ടുകൾ സമർപ്പിക്കുന്ന മുറയ്ക്ക് തെരുവുകച്ചവടക്കാരെ പുനരധിവസിപ്പിച്ചുകൊണ്ട് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾക്ക് കുടുംബശ്രീ അനുമതിയും ധനസഹായവും നൽകും. തെരുവു കച്ചവടക്കാരുടെ തൊഴിൽ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇവർക്ക് തൊഴിൽവൈദഗ്ധ്യ പരിശീലനം നൽകുന്നതിനും മെച്ചപ്പെട്ട ഉപജീവനമാർഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള സഹായങ്ങൾ നൽകുന്നതടക്കമുള്ള കാര്യങ്ങൾ പുരോഗമിക്കുകയാണ്. നിലവിൽ ആലപ്പുഴ, തൊടുപുഴ, മൂവാറ്റുപുഴ, കൊടുങ്ങല്ലൂർ, മലപ്പുറം, കോട്ടയം, തൃക്കാക്കര, വടക്കാഞ്ചേരി, ചാലക്കുടി, കൊയിലാണ്ടി എന്നീ നഗരസഭകളിലായി കാറ്ററിങ്ങ്

മേഖലയിൽ തെരുവു കച്ചവടം നടത്തി വരുന്നുണ്ട്. ഇരുനൂറ് പേർക്ക് ഇപ്രകാരം വിദഗ്ധ പരിശീലനം നൽകി കഴിഞ്ഞു.

എൻ.യു.എം.എം പദ്ധതിയുടെ ഭാഗമായി എല്ലാ നഗരപ്രദേശങ്ങളിലും വിവിധങ്ങളായ ഏഴു വിധത്തിലുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്നുണ്ട്. തെരുവോര കച്ചവടക്കാരുടെ സർവേയും തിരിച്ചറിയൽ കാർഡുകളുടെ വിതരണവും, നഗരത്തിന്റെ തെരുവോര വാണിഭത്തിന്റെ രൂപരേഖ തയ്യാറാക്കൽ, നഗരത്തിലെ തെരുവോര കച്ചവടമേഖലകളുടെ അടിസ്ഥാന സൗകര്യവികസനം, പരിശീലനവും നൈപുണ്യവികസനവും, ധനകാര്യ സ്ഥാപനങ്ങളുമായി ഉൾച്ചേർക്കൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ, സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി കണ്ണി ചേർക്കൽ എന്നിവയാണത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ